# SREE KADAMPUZHA BHAGAVATHI DEVASWOM

(UNDER MALABAR DEVASWOM BOARD)

Kadampuzha - 676 553, Malappuram Dist., Kerala

**Ph: 0494 2615790, 2618000**

www.kadampuzhadevaswom.com kadampuzhatemple@gmail.com


**A2 – 1186/24**

Date: **09.06.2025**

## ക്വട്ടേഷൻ

ശ്രീ കാടാമ്പുഴ ഭഗവതി ക്ഷേത്രം സ്റ്റോറിലേയ്ക്ക് ആവശ്യമായ കൊട്ടത്തേങ്ങ **01.07.2025** മുതൽ **31.12.2025** വരെ സപ്ലൈ ചെയ്യുന്നതിന് സ്ഥാപനങ്ങളിൽ/വ്യക്തികളിൽ നിന്ന് സീൽ വെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ഗുണമേന്മയുള്ള ഒരു കൊട്ടത്തേങ്ങ ഇത്ര രൂപ നിരക്കിൽ ലഭ്യമാക്കാമെന്ന് ക്വട്ടേഷനിൽ പ്രത്യേകം രേഖപ്പെടുത്തിയിരിയ്ക്കണം. ക്വട്ടേഷനുകൾ **28.06.2025** ന് പകൽ 11 മണി വരെ ദേവസ്വം ഓഫീസിൽ സ്വീകരിയ്ക്കുന്നതും, അന്നുതന്നെ പകൽ 12 മണിയ്ക്ക് അപ്പോൾ ഹാജരുള്ള, ക്വട്ടേഷൻ തന്നവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തവരുടെ പേരിൽ ലേലം ഉറപ്പിയ്ക്കുന്നതുമായിരിയ്ക്കും. ക്വട്ടേഷനോടൊപ്പം 5,000/- (അയ്യായിരം രൂപ) നിരതദ്രവ്യം ദേവസ്വം ഓഫീസിൽ അടച്ചതിന്റെ അസ്സൽ രശീതി കൂടി അടക്കം ചെയ്യേണ്ടതാണ്.

## ലേല നിബന്ധനകൾ

1) സപ്ലൈ ചെയ്യുന്ന കൊട്ടത്തേങ്ങ ഉന്നത ഗുണനിലവാരത്തിൽ ഉള്ളതായിരിയ്ക്കണം.
2) ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കഴിഞ്ഞാൽ സ്ഥിരപ്പെടുത്തി കിട്ടിയ ആളുടെ ചെലവിൽ ആധാർ കാർഡിന്റെ കോപ്പിയും 200/- രൂപയുടെ മുദ്രപത്രത്തിൽ ഒരു എഗ്രിമെന്റ് എഴുതി രണ്ടു സാക്ഷികൾ സഹിതം എക്സിക്യൂട്ടീവ് ഓഫീസർ മുമ്പാകെ ഒപ്പിട്ട് സമർപ്പിയ്ക്കേണ്ടതാണ്.
3) കൊട്ടത്തേങ്ങ ക്ഷേത്രം സൂപ്രണ്ടിന്റെ നിർദ്ദേശാനുസരണം ക്ഷേത്രം സ്റ്റോറിൽ എത്തിച്ചു തരേണ്ടതാണ്. **IT** വ്യവസ്ഥകൾക്ക് വിധേയമായി ആയതിന്റെ ബില്ലുകൾക്ക് **Payment** നടത്തുന്നതായിരിയ്ക്കും.

4) ക്ഷേത്രം സൂപ്രണ്ടിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് കൊട്ടത്തേങ്ങ എത്തിയ്ക്കാതിരിയ്ക്കുകയോ, കൊട്ടത്തേങ്ങയുടെ ഗുണനിലവാരത്തിൽ കുറവു സംഭവിയ്ക്കുകയോ ചെയ്യുന്ന പക്ഷം പ്രസ്തുത കരാർ റദ്ദ് ചെയ്യുന്നതും, നിരതദ്രവ്യം ദേവസ്വത്തിൽ മുതൽ കൂട്ടുന്നതും, ദേവസ്വത്തിനു സംഭവിയ്ക്കുന്ന നഷ്ടം ഈടാക്കാൻ യുക്തമായ നടപടികൾ സ്വീകരിയ്ക്കുന്നതുമാണ്.

5) യാതൊരു കാരണവും പറയാതെ ക്വട്ടേഷൻ നിരാകരിയ്ക്കുന്നതിനോ നിർത്തി വെയ്ക്കുന്നതിനോ ഉള്ള അധികാരം എക്സിക്യൂട്ടീവ് ഓഫീസർക്ക് ഉണ്ടായിരിയ്ക്കുന്നതും അങ്ങിനെയുള്ള അധികാരത്തെ യാതൊരു കാരണവശാലും ചോദ്യം ചെയ്യാൻ ആർക്കും അവകാശമുണ്ടായിരിയ്ക്കുന്നതുമല്ല. ക്വട്ടേഷൻ സംബന്ധിച്ച വ്യവഹാരങ്ങളുടെ പരിധി തിരൂർ കോടതിയായിരിയ്ക്കും. കൂടുതൽ വിവരങ്ങൾ ക്ഷേത്രം ഓഫീസിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

എക്സിക്യൂട്ടീവ് ഓഫീസർ

1) നോട്ടീസ് ബോർഡുകൾ
2) ടെമ്പിൾ സൂപ്രണ്ട്
3) അക്കൗണ്ട് സെക്ഷൻ
4) ദേവസ്വം വെബ്സൈറ്റ്